കെ. ടി. ഡി. സി. യുടെ കീഴിൽ പ്രവർത്തിക്കുന്ന മോട്ടലുകൾ

89 [2706] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ടി. ഡി. സി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന മോട്ടലുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ദേശീയ പാതകളുടെ വികസനത്തിനോടനുബന്ധിച്ച് കൂടുതൽ മോട്ടലുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) നിലവിലുള്ള മോട്ടലുകളിൽ കൂടുതൽ സൗകര്യങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) കെ. ടി. ഡി. സി.-യുടെ കീഴിൽ 12 മോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പട്ടിക ജില്ല തിരിച്ച് താഴെ ചേർക്കുന്നു:

	സ്ഥലം		ജില്ല
1.	മാങ്ങാട്ടുപറമ്പ്	..	കണ്ണൂർ
2.	സുൽത്താൻബത്തേരി	..	വയനാട്
3.	വടകര	..	കോഴിക്കോട്
4.	കുറ്റിപ്പുറം	..	മലപ്പുറം
5.	ആതിരപ്പള്ളി	..	തൃശൂർ
6.	എരിമയൂർ	..	പാലക്കാട്
7.	കുളപ്പുര	..	ആലപ്പുഴ
8.	കായംകുളം	..	ആലപ്പുഴ
9.	കൊട്ടാരക്കര	..	കൊല്ലം
10.	പാലരുവി	..	കൊല്ലം
11.	വൈക്കം	..	കോട്ടയം
12.	അടൂർ	..	പത്തനംതിട്ട

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly